**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 937** **29-08-2022 - ൽ മറുപടിയ്ക്ക്**

**പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന പദ്ധതികൾ വിശദീകരിക്കാമോ; | (എ) | തൊഴിൽ രഹിതരായ യുവതി യുവാക്കൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പാക്കി വരുന്ന പ്രധാന വായ്പാ പദ്ധതികളിലൊന്നാണ് സ്റ്റാർട്ട് അപ്പ്. പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ സഹകരണത്തോടെ ഒ.ബി.സി. വിഭാഗം പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട് അപ്പ് വായ്പാ പദ്ധതിയിൽ 20 ലക്ഷം രൂപ വരെ വായ്പ ലഭിക്കുന്നതാണ്. വായ്പകൾക്ക് 20% സബ്സിഡി (പരമാവധി 2 ലക്ഷം രൂപ) പിന്നാക്ക വിഭാഗ വികസന വകുപ്പ് അനുവദിക്കും.<br><br>ടി വായ്പാ പദ്ധതിയ്ക്ക് പുറമേ കോർപ്പറേഷൻ നടപ്പാക്കിവരുന്ന മറ്റ് സ്വയംതൊഴിൽ വായ്പാ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ടി കോർപ്പറേഷൻ നൽകിവരുന്ന സാമ്പത്തിക സഹായങ്ങൾ പദ്ധതികൾ നടപ്പിലാക്കുന്നതിന് പര്യാപ്തമാകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ; | (ബി) | ഗുണഭോക്താവ് ആരംഭിക്കാൻ പോകുന്ന പദ്ധതിയുടെ പ്രായോഗികത വിലയിരുത്തി പ്രോജക്ട് കോസ്റ്റിന് വിധേയമായാണ് കോർപ്പറേഷൻ സ്വയം തൊഴിൽ വായ്പകൾ അനുവദിച്ചുവരുന്നത്. പദ്ധതിയിൽ ഗുണഭോക്തൃ വിഹിതം കോർപ്പറേഷൻ നേരിട്ട് സ്വീകരിക്കുന്നില്ല. ആയത് ഗുണഭോക്താവ് സ്വന്തം പദ്ധതിയുടെ പ്രാരംഭ ചിലവുകൾക്ക് വിനിയോഗിക്കുന്നതിനാണ് കോർപ്പറേഷൻ നിഷ്കർഷിക്കുന്നത്.<br><br>കൂടാതെ റീ-ടേൺ, സ്റ്റാർട്ട് അപ്പ്, റീ-ലൈഫ് എന്നീ സ്വയം തൊഴിൽ വായ്പാ പദ്ധതികളിൽ ഗുണഭോക്താവിന് നിശ്ചിത തുക സബ്സിഡിയായും ലഭിക്കുന്നു. |
| (സി) | പ്രസ്തുത കോർപ്പറേഷൻ മുഖാന്തിരം നടപ്പിലാക്കിവരുന്ന തൊഴിൽ സംരംഭങ്ങൾക്ക് ലോൺ തുക വർദ്ധിപ്പിച്ച് കൂടുതൽ ആനുകൂല്യങ്ങൾ | (സി) | ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC), |

| | | | |
|---|---|---|---|
| | നൽകാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | | ദേശീയ സഫായി കർമ്മചാരീസ് ധനകാര്യ വികസന കോർപ്പറേഷൻ (NSKFDC) എന്നീ ദേശീയ ഏജൻസികളുടെ ഫണ്ട് വിനിയോഗിച്ച് കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന വായ്പാ പദ്ധതികൾ ടി ഏജൻസികളുടെ പ്രോജക്ട് മാനദണ്ഡങ്ങൾക്ക് വിധേയമായാണ് നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## മറ്റു പിന്നാക്ക വിഭാഗങ്ങൾക്കായുള്ള (OBC) പദ്ധതികൾ - NBCFDC പദ്ധതികൾ

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|
| 1. സ്വയം തൊഴിൽ പദ്ധതി<br>(3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 15 ലക്ഷം രൂപ | 5 ലക്ഷം രൂപ വരെ - 6%<br>5 ലക്ഷത്തിന് മുകളിൽ<br>10 ലക്ഷം വരെ - 7%<br>10 ലക്ഷത്തിന് മുകളിൽ - 8% |
| 2. വനിതകൾക്കായുള്ള പ്രത്യേക സ്വയം തൊഴിൽ വായ്പ (ന്യൂ സ്വർണ്ണിമ)<br>(3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 2 ലക്ഷം രൂപ | 5% |
| 3. ലഘു വായ്പാ പദ്ധതി<br>(സന്നദ്ധ സംഘടനകൾ / CDS വഴി നൽകുന്ന വായ്പ)<br>(3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | CDS -കൾക്ക് പരമാവധി<br>3 കോടി രൂപ<br>NGO -യ്ക്ക് പരമാവധി<br>3 കോടി രൂപ | NGO / CDS – 4%,<br>SHG ക്ക് - 5% |
| 4. മഹിളാ സമൃദ്ധി യോജന<br>(വനിതകൾക്കുള്ള ലഘു വായ്പ)<br>(3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | CDS -കൾക്ക് പരമാവധി<br>3 കോടി രൂപ | CDS – 3%,<br>SHG ക്ക് - 4% |
| 5. റീ-ടേൺ വായ്പാ പദ്ധതി<br>(പ്രവാസ ജീവിതത്തിന് ശേഷം നാട്ടിൽ സ്ഥിര താമസമാക്കുന്നതിന് വേണ്ടി മടങ്ങിവരുന്നവർക്കുള്ള പദ്ധതി)<br>(3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 30 ലക്ഷം രൂപ | 5 ലക്ഷം രൂപ വരെ - 6%<br>5 ലക്ഷത്തിന് മുകളിൽ<br>10 ലക്ഷം വരെ - 7%<br>10 ലക്ഷത്തിന് മുകളിൽ - 8% |
| | **പ്രത്യേക ആനുകൂല്യം**<br>പദ്ധതി അടങ്കലിന്റെ 15% വരെ മൂലധന സബ്സിഡി. വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷങ്ങളിൽ 3% പലിശ സബ്സിഡി. | |
| 6. റീ-ലൈഫ്<br>(ചെറിയ മൂലധന നിക്ഷേപം ആവശ്യമായ നാമമാത്ര / ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനായി)<br>(1,20,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 1 ലക്ഷം രൂപ | പലിശ നിരക്ക് - 5% |
| | **പ്രത്യേക ആനുകൂല്യം**<br>വായ്പാ തുകയുടെ 50% (പരമാവധി 25,000 രൂപ) പിന്നാക്ക വിഭാഗ വികസന വകുപ്പിൽ നിന്നുള്ള സബ്സിഡി. | |

## മതന്യൂനപക്ഷങ്ങൾക്കുള്ള പദ്ധതികൾ (മുസ്ലീം, ക്രിസ്ത്യൻ, സിക്ക്, പാഴ്സി, ബുദ്ധ, ജൈനമത വിഭാഗങ്ങൾക്ക്) - NMDFC പദ്ധതികൾ

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|
| 1. സ്വയം തൊഴിൽ പദ്ധതി - 1<br>(ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 20 ലക്ഷം രൂപ | 6% |

| | | |
|---|---|---|
| 2. സ്വയം തൊഴിൽ പദ്ധതി - 2<br>(6 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 30 ലക്ഷം രൂപ | പുരുഷൻ - 8%<br>സ്ത്രീ - 6% |
| 3. (എ) ലഘു വായ്പാ പദ്ധതി<br>(സന്നദ്ധ സംഘടനകൾ / CDS വഴി നൽകുന്ന വായ്പ) (Credit Line I)<br>(ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്)<br><br>3. (ബി) ലഘു വായ്പാ പദ്ധതി<br>(സന്നദ്ധ സംഘടനകൾ / CDS വഴി നൽകുന്ന വായ്പ) (Credit Line II)<br>(കുടുംബ വാർഷിക വരുമാനം 8 ലക്ഷം) | CDS/NGO – 3 കോടി രൂപ<br><br><br><br>CDS/NGO – 3 കോടി രൂപ | NGO / CDS – 4%,<br>SHG – 5%<br><br><br>NGO / CDS – 5%,<br>SHG - 10% |
| 4. റീ-ടേൺ വായ്പാ പദ്ധതി - 1<br>(പ്രവാസ ജീവിതത്തിന് ശേഷം നാട്ടിൽ സ്ഥിര താമസമാക്കുന്നതിന് വേണ്ടി മടങ്ങിവരുന്നവർക്കുള്ള പദ്ധതി) | 20 ലക്ഷം രൂപ | 6% |
| | **പ്രത്യേക ആനുകൂല്യം**<br>പദ്ധതി അടങ്കലിന്റെ 15% വരെ മൂലധന സബ്സിഡി. വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷങ്ങളിൽ 3% പലിശ സബ്സിഡി. | |
| 5. റീ-ടേൺ വായ്പാ പദ്ധതി - 2<br>(ചെറിയ മൂലധന നിക്ഷേപം ആവശ്യമായ നാമമാത്ര / ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിന്) | 30 ലക്ഷം രൂപ | പുരുഷൻ - 8%<br>സ്ത്രീ - 6% |
| | **പ്രത്യേക ആനുകൂല്യം**<br>പദ്ധതി അടങ്കലിന്റെ 15% വരെ മൂലധന സബ്സിഡി. വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷങ്ങളിൽ 3% പലിശ സബ്സിഡി. | |

**<u>ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വ്യക്തികൾക്ക് - NSKFDC പദ്ധതികൾ</u>**

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|
| 1. ലഘു വായ്പാ പദ്ധതി<br>(സന്നദ്ധ സംഘടനകൾ / CDS വഴി നൽകുന്ന വായ്പ) | CDS / NGO – 3 കോടി രൂപ | CDS / NGO – 4%,<br>SHG - 5% |
| 2. മഹിളാ സമൃദ്ധി യോജന<br>(വനിതകൾക്കുള്ള ലഘു വായ്പ)<br>[വരുമാന പരിധി ബാധകമല്ല] | CDS / NGO – 3 കോടി രൂപ | CDS / NGO – 3%,<br>SHG - 4% |

**<u>KSBCDC ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന വായ്പാ പദ്ധതി</u>**

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|
| 1. പ്രവർത്തന മൂലധന വായ്പാ<br>(3,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 3 ലക്ഷം രൂപ | 7% |
| 2. ബിസിനസ്സ് ഡെവലപ്മെന്റ് വായ്പ<br>(8,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 5 ലക്ഷം രൂപ | 8% |